

TUESDAY 25/03/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/03/2025

1. കൃഷി വിജ്ഞാന കേന്ദ്രം, ഭാരതീയ സുഗന്ധ വിളഗവേഷണ സ്ഥാപനം, പെരുവണ്ണാമൂഴി സാങ്കേതിക വാരാചരണം സംഘടിപ്പിക്കുന്നു. മാർച്ച് 24 ന് ആരംഭിച്ച പരിപാടിയിൽ ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയുടെ കൃഷിരീതികൾ എന്ന വിഷയത്തിൽ സെമിനാർ ഉണ്ടായിരിക്കും തുടർന്ന് 25 ന് പച്ചക്കറി വിളകളിലെ രോഗ കീട നിയന്ത്രണം, മൂല്യവർദ്ധനവ്, 26 ന് അലങ്കാര മത്സ്യകൃഷി, 27 ന് കുറ്റിക്കുരുമുളക് കൃഷി എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കർഷകർക്ക് 0496-2966041 / 8547544765 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 28 വെള്ളിയാഴ്ച, പന്നിക്കോട്ടൂർ, കോതോട്, പരുത്തിപ്പാറ എന്നിവിടങ്ങളിലെ SC വിഭാഗത്തിൽപ്പെട്ട കർഷകർക്കായി സോളാർ ലൈറ്റ്, കോഴിക്കൂട്, മുട്ടക്കോഴികൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ വിതരണം ചെയ്യും. കർഷകർക്കായി സാങ്കേതികവിദ്യാ പ്രദർശനം, വിവിധ നടീൽ വസ്ക്കളുടെ വില്പന തുടങ്ങിയവയും ഉണ്ടായിരിക്കുന്നതാണ്. കെവികെ നടപ്പിലാക്കിയ പ്രദർശനകൃഷിയിൽ പങ്കെടുത്ത മികച്ച കർഷകരെ ചടങ്ങിൽ ആദരിക്കും.

2. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മാർച്ച് 25, 26 തീയതികളിലായി ഇടുക്കി ജില്ലയിലെ കർഷകരുടെ സിറ്റിങ് നടത്തും. ഇടുക്കി- പൈനാവ് സർക്കാർ അതിഥി മന്ദിരത്തിൽ വച്ചാണ് സിറ്റിംഗ് നടത്തുന്നത്. ഹിയറിങ്ങിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് എത്തിച്ചേരണം.

3. വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 47 ബ്ലോക്കുകളിൽ കൂടി മൊബൈൽ ആംബുലൻസുകൾ വെറ്ററിനറി സേവനത്തിന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സജ്ജമാക്കുമെന്ന് മൃഗസംരക്ഷണ മന്ത്രി ജെ ചി ഞ്ചുറാണി പറഞ്ഞു. അടുത്തമാ സം 15ന് മുമ്പ് ഉദ്ഘാടനം നടത്തുമെന്നും മന്ത്രി പറഞ്ഞു. ഒന്നാം ഘട്ടമായി 29 ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിരുന്നു. 1962 എന്ന കോൾ സെന്റർ പ്രവർത്തനവും വിപുലീകരിക്കും.

4. മൃഗങ്ങൾക്കുള്ള ജീവൻ രക്ഷാ മരുന്ന് വിതരണ പദ്ധതി പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 7 വെറ്ററിനറി ആശുപത്രികളിലൂടെ ആവശ്യമായ ജീവൻ രക്ഷാമരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നു. കർഷകർക്കു പ്രയോജനകര വുമായ ഈ പദ്ധതിയുടെ ഉത്ഘാടനം 2025 മാർച്ച് 26 ന് രാവിലെ 10:30 ന് ബ്ലോക്ക് കോൺഫറൻസ് ഹാളിൽ വച്ച് ബഹു കാട്ടാക്കട എം.എൽ.എ അഡ്വ. ഐ.ബി. സതീഷ് നിർവ്വഹിക്കുന്നു. തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. പി എസ് ശ്രീകുമാർ പദ്ധതി വിശദീകരണം നടത്തുന്നു.

5. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ നടത്തിവരുന്ന ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 ലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി അഞ്ചുമാസം ഫീസ് 500 രൂപ. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് ഫീസ് നൽകേണ്ടതില്ല. പ്രായപരിധി 01.01 2025 ന് 25 വയസ്സ് കവിയരുത്. അപേക്ഷകർ 18 വയസ്സ് പൂർത്തിയായിരിക്കണം. എസ്എസ്എൽസി/ തത്തുല്യ കോഴ്സ് പാസ്സായിരിക്കണം. VHSC പൗൾട്രി ഹസ്ബൻഡ്ററി പാസായവർക്ക് മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15.04.2025 വൈകിട്ട് 5 മണി. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. അപേക്ഷ അയക്കേണ്ട മേൽവിലാസം പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന്, പി ഒ.,തിരുവനന്തപുരം 695043. Email - ptotvm.ahd@kerala.gov.in

**പരിശീലന പരിപാടി**

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 25.03.2025 ന് രാവിലെ 10 മണി മുതൽ നാല് മണിവരെ കർഷകർക്കായി കൃത്യതാ കൃഷി (Precision Farming) എന്ന വിഷയങ്ങളിൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 29122008, 6282937809 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ .ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ. ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 25-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ :training@rubberboard.org. in